"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഭക്ഷ്യ പൊതുവിതരണ വകുപ്പ് - കേരള സർക്കാരിന്റെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ നിർമ്മിച്ച് വിപണിയിലിറക്കുന്ന 'ഹില്ലി അക്വാ' എന്ന പേരിലുള്ള കുപ്പിവെള്ളം സപ്ലൈകോ വില്പനശാലകൾ വഴി വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭക്ഷ്യ പൊതുവിതരണ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.159/2025/F&CS  തീയതി,തിരുവനന്തപുരം, 04-06-2025

---

പരാമർശം:-

1. കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ ജനറൽ മാനേജറുടെ 07/10/2023-ലെ KIIDC/638/IIAD/2022 നമ്പർ കത്ത്.
2. സപ്ലൈകോ മാനേജിംഗ് ഡയറക്ടറുടെ 24/04/2025-ലെ KSCSC/3199/2025-M20(FMCG) നമ്പർ കത്ത്.

**ഉത്തരവ്**

കേരള സർക്കാരിന്റെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ (കെ.ഐ.ഐ.ഡി.സി.) നിർമ്മിച്ച് വിപണിയിലിറക്കുന്ന 'ഹില്ലി അക്വാ' എന്ന പേരിലുള്ള കുപ്പിവെള്ളം സപ്ലൈകോ വില്പനശാലകൾ വഴി വിതരണം ചെയ്യുന്നതിനുള്ള അനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശം (1) പ്രകാരം കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് കോർപറേഷൻ ജനറൽ മാനേജർ ആവശ്യപ്പെട്ടിരുന്നു. കെ.ഐ.ഐ.ഡി.സി-യുടെ 'ഹില്ലി അക്വാ' എന്ന പേരിലുള്ള കുപ്പിവെള്ളം സപ്ലൈകോ വില്പന ശാലകൾ വഴി വിതരണം ചെയ്യുന്നതിന് താല്പര്യം ഉണ്ടെന്ന വിവരം പരാമർശം (2) പ്രകാരം സപ്ലൈകോ മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർക്കാരിന്റെ ജലവിഭവ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെൻറ് കോർപ്പറേഷന്റെ (കെ.ഐ.ഐ.ഡി.സി) 'ഹില്ലി അക്വാ' എന്ന പേരിലുള്ള കുപ്പിവെള്ളം സപ്ലൈകോ വില്പന ശാലകൾ വഴി വിതരണം ചെയ്യുന്നതിന് അനുമതി നല്കി ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
INDULEKHA I V
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ, തിരുവനന്തപുരം.
ചെയർമാൻ / മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ, കൊച്ചി.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), തിരുവനന്തപുരം.
പബ്ലിക് റിലേഷൻ (വെബ് & മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ ഓഫീസ് കോപ്പി. (FCSD-C2/202/2023-FCSD)

ഉത്തരവിൻ പ്രകാരം

Signed by
Kavitha Kumari. I. S
Date: 04-06-2025 11:04:41

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പി.എസ്സിന്

ബഹു. ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്

ഭക്ഷ്യ പൊതുവിതരണ വകുപ്പ് സെക്രട്ടറിയുടെ സി.എ. യ്ക്ക്

ഭക്ഷ്യ പൊതുവിതരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ. യ്ക്ക്